LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ

37(542) ശ്രീ. ഡി. കെ. മുരളി: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വിവരങ്ങൾ നൽകാമോ; ഇവയിൽ നിഷ്ക്രിയമായ സംഘങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിവരങ്ങൾ നൽകാമോ?

തിരുവനന്തപുരം ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു: പട്ടികജാതി സംഘങ്ങൾ - 132, പട്ടികവർഗ്ഗ സംഘങ്ങൾ - 17 പ്രവർത്തനക്ഷമമായ പട്ടികജാതി സംഘങ്ങൾ - 38 പ്രവർത്തനക്ഷമമായ പട്ടികവർഗ്ഗ സംഘങ്ങൾ - 6 നിഷ്ക്രിയമായ പട്ടികജാതി സംഘങ്ങൾ - 94 നിഷ്ക്രിയമായ പട്ടികവർഗ്ഗ സംഘങ്ങൾ - 11. സംഘങ്ങളുടെ പേര് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) നിഷ്ക്രിയ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കാൻ സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

നിഷ്ക്രിയ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പുനർജ്ജനി എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നത് സഹകരണ വകുപ്പിന്റെ പരിഗണനയിലാണ് .

അംബേദ്കർ സ്വയം പര്യാപ്തഗ്രാമം പദ്ധതി

38(543) ശ്രീ. എം. വിജിൻ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വയം പര്യാപ്തഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിലെ വെള്ളൂവ കോളനിയുടെ പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ടി കോളനിയിലെ പ്രവൃത്തികൾ നടപ്പാക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും നാഷണൽ ഹൈവേയുമായി വള്ളൂവ കോളനി റോഡ് ബന്ധിപ്പിക്കുന്നതിനാൽ നാഷണൽ ഹൈവേ അതോറിറ്റിയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ച് വരുന്നു .

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.